"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/795/2018-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 12/11/2021

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്ഥാപനങ്ങളുടെ അമിത ചെലവ് നിയന്ത്രിക്കുന്നതിന് ജാഗ്രത പാലിക്കാൻ - നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

***********************

പ്രതിഭാ സംഗമം പോലുള്ള പരിപാടികൾ ജനകിയ പിന്തുണയോടെ നടപ്പിലാക്കുന്നത് ശ്ലാഘനീയമാണ്. കൂടുതൽ പണച്ചെലവ് വരുന്ന പദ്ധതികളിൽ അമിത ചെലവ് നിയന്ത്രിക്കുന്നതിനും ജാഗ്രത പാലിക്കുന്നതിനും ചുവടെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

കൂടുതൽ പണച്ചെലവ് വരുന്ന പദ്ധതികളിൽ ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തി സംഭാവനയും മറ്റും സ്വീകരിക്കുകയെന്നത് തെറ്റായ കാര്യമല്ല. പ്രാദേശികാസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുകയെന്നത് ജനകീയാസൂത്രണത്തിന്റെ അടിസ്ഥാന തത്വങ്ങളിലൊന്നാണ്. പദ്ധതി പണത്തെ മാത്രം ആശ്രയിക്കാതെ പ്രാദേശിക വിഭവസമാഹരണം നടത്തി വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. എന്നാൽ പണം ചെലവഴിക്കുന്നതിൽ സുതാര്യ നടപടിക്രമങ്ങൾ പാലിക്കുക എന്നതും ചെലവുകൾ സംബന്ധിച്ച കൃത്യമായ കണക്കുകൾ സൂക്ഷിക്കുകയെന്നതും പരിശോധനയ്ക്ക് ആയത് യഥാസമയം ഹാജരാക്കുക എന്നതും പരമ പ്രധാനമാണ്. ഇത്തരം കാര്യങ്ങളിൽ ആവശ്യമായ ജാഗ്രത പുലർത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനങ്ങൾ മുൻകരുതൽ സ്വീകരിക്കേണ്ടതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sureshkumar K
Date: 16-11-2021 15:00:27
Reason: Approved

സെക്ഷൻ ഓഫീസർ.